M 7453

Reg. No.: ..............................

Name : ..................................

**III Semester B.A. Degree (CCSS – Reg./Supple./Imp.) Examination, November 2014**
**CORE COURSE IN MALAYALAM**
**3B04 MAL : നോവൽ സാഹിത്യം**
**(2012 Admission Onwards)**

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക (**ഓരോ** വിഭാഗത്തിന്റെയും മൂല്യം 1).

1) ഒറ്റവാക്കിൽ ഉത്തരമെഴുതുക.

എ) ദ സ്ലെയർ സ്ലെയിൻ എന്ന കൃതിയുടെ മലയാള രൂപമേത് ?

ബി) സൂരിനമ്പൂതിരിപ്പാടിന്റെ സഹായിയായ ഭൃത്യന്റെ പേരെന്ത് ?

സി) ഒ. വി. വിജയന്റെ ആദ്യത്തെ നോവലേത് ?

ഡി) കൊക്കാഞ്ചിറ പശ്ചാത്തലമായി വരുന്ന നോവലേത് ?

2) താഴെപ്പറയുന്ന വാക്യങ്ങൾ ഏത് നോവലിൽ നിന്നെന്ന് എഴുതുക.

എ) 'ഖകമേ' മാധവൻ നായർ പറഞ്ഞു, "നീയ് നൊമ്പടെ ദേശത്തിന്റെ മാനം രക്ഷിച്ചു ...."

ബി) "ചക്കമേറിക്ക് സമാധാനമായി. മൂക്ക് സാധാരണ പോലെയാക്കി, കഴുത്തറ്റം മൂടിപ്പുതച്ച് ചിന്നമ്മ കിടക്കുന്നത് കണ്ട് ചക്കമേറി അവിടെ നിന്നു".

സി) "നാരായം കൊലച്ച കഥ പുരാണങ്ങളിലുമില്ലാ – അതു കേട്ടാൽ – ഫലശ്രുതിയും കഥ പറയുന്നവർ തന്നെ പറവിൻ".

ഡി) "പിറ്റേന്നു കാലത്തു മൂന്നു കുഞ്ഞാടുകൾ മസറയിൽ ചത്തു കിടന്നു അതിലൊന്ന് എന്റെ നബീൽ ആയിരുന്നു".

P.T.O.

3) ചേരുംപടി ചേർക്കുക.

| | |
|---|---|
| എ) നൃത്തം | എ) ശങ്കരശാസ്ത്രികൾ |
| ബി) അയൽക്കാർ | ബി) ശ്രീധരൻ |
| സി) ഇന്ദുലേഖ | സി) കുപ്പുവച്ചൻ |
| ഡി) ഖസാക്കിന്റെ ഇതിഹാസം | ഡി) കുഞ്ഞൻ |

4) പൂരിപ്പിക്കുക.

എ) സൂരിനമ്പൂതിരിയുടെ സഹായിയായി വന്നതാണ് ________ നമ്പൂതിരി.

ബി) ഇതിഹാസത്തിന്റെ ഇതിഹാസം ________ ന്റെ കൃതിയാണ്.

സി) വൃദ്ധസിദ്ധൻ, പക്കീർസാ എന്നീ വേഷങ്ങളിൽ നോവലിൽ പ്രത്യക്ഷപ്പെടുന്നത് ________ എന്ന കഥാപാത്രമാണ്.

ഡി) ഒ. ചന്തുമേനോന്റെ അപൂർണ്ണ നോവലാണ് ________

5) താഴെപ്പറയുന്ന നോവലുകളുടെ രചയിതാവിന്റെ പേരെഴുതുക.

എ) ദിഷ്ടദംഷ്ട്രം

ബി) അസുരവിത്ത്

സി) മധുരം ഗായതി

ഡി) ഒതപ്പ് **(4×1=4 വെയിറ്റേജ്)**

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് **1**).

6) ''ആ അടിച്ച കൈ നീണാൾ വാഴട്ടെ ! ഇന്നു നിങ്ങൾ എന്റെ തലയിൽ കുളം തോണ്ടി. നാളെയൊരു കാലത്ത് ഇവിടം തന്നെ കുളം തോണ്ടിപ്പോകും'' – സന്ദർഭവും സ്വാരസ്യവും വിശദീകരിക്കുക.

7) ''അയൽക്കാരി'ലെ പത്മനാഭ പിള്ള എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

8) ''ഗൗളിവിദ്യ ശീലമാകാത്തതിന്റെ തകരാറ്. എന്തായാലും പൈപ്പുയാത്ര അത്ര നല്ല സ്വഭാവമല്ല''. സന്ദർഭമേത് ? വിശദീകരിക്കുക.

9) ''ഉപനിഷത്തുകളുടെയും ആസ്ട്രോ ഫിസിക്സിന്റെയും രസാവഹമായ കലർപ്പ് ''. ആരാണിങ്ങനെ പറയുന്നത് ? സന്ദർഭമേത് ?

10) ''അവനെന്റെ വിസക്കാരനല്ലാതെപോയി. അല്ലെങ്കിൽ ഞാനവനെ മസറവരെ വലിച്ചിഴക്കുമായിരുന്നു''. സന്ദർഭമെഴുതുക. **(4×1=4 വെയിറ്റേജ്)**



III. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ നിന്നും **അഞ്ചെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് **2**).

11) സൈബർ സ്പെയ്സും കലാവ്യാപാരവും നൃത്തം എന്ന നോവലിൽ ആവിഷ്കാര വിഷയമാകുന്നതെങ്ങനെ ?

12) മലയാളത്തിലെ ചരിത്ര നോവലുകളെക്കുറിച്ച് ചുരുക്കി വിവരിക്കുക.

13) 'അയൽക്കാർ' എന്ന നോവലിൽ വെളിവാകുന്ന കേരളീയ സമൂഹത്തെക്കുറിച്ച് വിവരിക്കുക.

14) സൂരിനമ്പൂതിരിയുടെയും ചെറുശ്ശേരി നമ്പൂതിരിയുടെയും സ്വഭാവത്തിന്റെ അന്തരം വിശദീകരിക്കുക.

15) 'ചോരശാസ്ത്ര'ത്തിലെ ആക്ഷേപഹാസ്യം വിവരിക്കുക.

16) 'ആലാഹയുടെ പെൺമക്കൾ' എന്ന നോവലിലെ ഭാഷയുടെ പ്രത്യേകത വിശദമാക്കുക. **(5×2=10 വെയിറ്റേജ്)**

IV. **മുന്നൂറു** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങളിൽ നിന്ന് **മൂന്നെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് **4**).

17) 'ധർമ്മരാജാ ബുദ്ധിപ്രഭാവത്തിന്റെ കഥയാണ്', എന്ന അഭിപ്രായം വിശദീകരിക്കുക.

18) 'വൈപരീത്യങ്ങളുടെ സങ്കലനമാണ് ഖസാക്കിന്റെ ഇതിഹാസത്തെ മികച്ച കലാസൃഷ്ടിയാക്കുന്നത്'. പരിശോധിക്കുക.

19) സമകാലിക മലയാള നോവലുകളിലെ ആഖ്യാനപ്രവണതകൾ ആലാഹയുടെ പെൺമക്കൾ, ചോരശാസ്ത്രം, ആടുജീവിതം എന്നീ കൃതികളെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

20) എം. ടി. വാസുദേവൻ നായരുടെ ആഖ്യാനകല 'നാലുകെട്ടി'നെ ആസ്പദമാക്കി വിവരിക്കുക. **(3×4=12 വെയിറ്റേജ്)**